# Malayala Manorma
# 25 August 2018
# Kalady; Sanskrit University ,Mass Destruction

## സംസ്കൃത സർവകലാശാലയിൽ വൻനാശം

കാലടി • പ്രളയത്തിൽ മുങ്ങിയ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ആസ്ഥാനത്ത് പ്രാഥമിക കണക്കു പ്രകാരം 10 കോടിയിലേറെ രൂപയുടെ നാശനഷ്ടമുണ്ടായെന്ന് വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് പറഞ്ഞു.

ക്യാംപസിലെ എല്ലാ കെട്ടിടങ്ങളിലും വെള്ളം കയറി. ലൈബ്രറി, കൂത്തമ്പലം, പെയിന്റിങ് വിഭാഗം, കന്റീൻ, ഹോസ്റ്റലുകൾ, ഡേ കെയർ സെന്റർ, ഗസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ വൻ നാശനഷ്ടമുണ്ടായി.

എൻജിനീയറിങ്, ഇന്റേണൽ ക്വാളിറ്റി അഷുറൻസ് സെൽ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് റീജനൽ ഓഫിസ്, പബ്ലിക്കേഷൻസ്, പബ്ലിക് റിലേഷൻസ്, ഇന്റർനാഷനൽ സ്കൂൾ ഫോർ ശ്രീശങ്കരാചാര്യ സ്റ്റഡീസ്, കരിയർ ഗൈഡൻസ് സെൽ, ജനറൽ സ്റ്റോർ എന്നീ വിഭാഗങ്ങൾ പ്രവർത്തനരഹിതമായി. അറുപതോളം കംപ്യൂട്ടറുകൾക്കു കേടുപാടുകൾ സംഭവിച്ചു. പേപ്പറുകളും സ്റ്റേഷനറി സാമഗ്രികളും ഉപയോഗശൂന്യമായി. എട്ട് ഔദ്യോഗിക വാഹനങ്ങൾക്കു കേടുപാടു സംഭവിച്ചു. പ്രിന്റിങ് പ്രസും അനുബന്ധ ഉപകരണങ്ങളും തകരാറിലായി.

നൃത്ത-നാടക വിഭാഗത്തിലെ വിദ്യാർഥികളുടെ പഠനത്തിന് ഉപയോഗിച്ചിരുന്ന ലക്ഷങ്ങൾ വിലമതിക്കുന്ന വസ്ത്രങ്ങൾ, ആഭരണങ്ങൾ, ലൈറ്റുകൾ എന്നിവ പൂർണമായും നശിച്ചു. മുഴുവൻ ജനറേറ്ററുകളും കെട്ടിടങ്ങളുടെ കൺട്രോൾ പാനലുകളും ഇലക്ട്രിക്കൽ റൂമിലെ മുഖ്യ കൺട്രോൾ പാനലും വെള്ളത്തിനടിയിലായി.

എല്ലാ കിണറുകളും ഉപയോഗശൂന്യമായി. ചിത്രമതിലിനു കേടുപാടുകൾ സംഭവിച്ചു. വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകൾ, ലാപ്ടോപ്പുകൾ, പുസ്തകങ്ങൾ, വസ്ത്രങ്ങൾ അടക്കമുള്ള സാധന സാമഗ്രികൾ എന്നിവ നശിച്ചു.

ഭരണ വിഭാഗ സമുച്ചയം പ്രവർത്തനക്ഷമമാകണമെങ്കിൽ കുറഞ്ഞതു രണ്ടാഴ്ചയെങ്കിലും വേണ്ടിവരുമെന്നും വൈസ് ചാൻസലർ പറഞ്ഞു.



ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ആസ്ഥാന കേന്ദ്രത്തിൽ ഭരണ വിഭാഗത്തിലെ ഫയലുകൾ വെള്ളപ്പൊക്കത്തിൽ വെള്ളവും ചെളിയും കയറി നശിച്ച നിലയിൽ.